ണ്മെൻറിനെ പുനഃപ്രതിഷ്ഠിക്കുന്നതിനു് ഇന്ത്യാ ഗവണ്മെൻറ് നയതന്ത്ര തലത്തിൽ ശ്രമിച്ചുവരികയാണു്. 1981–ൽ ഫിജി സന്ദർശിച്ചപ്പോൾ, തലസ്ഥാനമായ സുവയിൽവെച്ചു് ഇന്ദിരാഗാന്ധി ഇങ്ങനെ പറയുകയുണ്ടായി: 'വളരെ ദൂരേക്കു വിവാഹംകഴിച്ചു കൊടുത്ത മകളുടെ ക്ഷേമത്തിൽ അമ്മയ്ക്കു തോന്നുന്ന അതേ ഉൽക്കണ്ഠയാണു വിദേശങ്ങളിലുള്ള ഇന്ത്യൻ വംശജരോടു് എനിക്കുള്ളതു്.' ഫിജിയിലെ ഇന്ത്യൻ വംശജരുടെ ഇപ്പോഴത്തെ അഗ്നിപരീക്ഷയിൽ ഇന്ത്യയുടെ പൂർണമായ അനുഭാവം അവർക്കു് ഉണ്ടായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതേസമയം, വളരെമുമ്പു് ജവാഹർലാൽനെഹ്റു ചെയ്ത ഒരു പ്രസ്താവനയും നാം ഓർത്തിരിക്കേണ്ടതാണു്. നെഹ്റു പറഞ്ഞു: 'വിദേശങ്ങളിലുള്ള ഇന്ത്യക്കാർ മനസ്സിലാക്കണം, അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഇന്ത്യയിലാണെന്നു്. ഇന്ത്യ ഉയരുമ്പോൾ അവരും ഉയരും; ഇന്ത്യ വീണാൽ അവരും വീഴും.' ഇന്ത്യയിൽ ആഭ്യന്തരങ്ങളായ കുഴപ്പങ്ങൾ വർധിച്ചുവരികയാണെന്ന ധാരണ വിദേശങ്ങളിൽ പരന്നുവരുന്നതിൻെറ നേരിട്ടുള്ള പ്രതിഫലനമല്ലേ, സിലോണിലെ സർക്കാർ അവിടത്തെ ഇന്ത്യൻ വംശജർക്കെതിരെ അടുത്തകാലത്തു രൂക്ഷമാക്കിയിട്ടുള്ള മർദന നടപടികളിലും, ഫിജിയിലെ 'പത്തു മുഖംമൂടികളുടെ പട്ടാളവിപ്ലവ'ത്തിലും നാം കാണുന്നതു്.

പട്ടാളവിപ്ളവക്കാർ അട്ടിമറിച്ച ഫിജി ഗവണ്മെൻറിലെ ആരോഗ്യമന്ത്രിയായിരുന്ന കവി സതേന്ദ്രനന്ദൻെറ ഒരു കവിത ഉദ്ധരിച്ചു് ഈ ലേഖനം അവസാനിപ്പിക്കാം. ഫിജിയിലെ ഇന്ത്യൻ വംശജരുടെ ദുഃസ്ഥിതിയെപ്പററി അവരിലൊരാളായ ശ്രീ നന്ദൻ എഴുതി:

> 'ഇനിയും വീടില്ലാത്തോർ, ഭൂമിക്കും വാനത്തിനു–
> മിടയിലിടം ലഭിക്കാത്തവർ, പേരില്ലാത്തോർ,
> വേർപറിഞ്ഞവർ, മണ്ണിൽ വേർപിടിക്കാത്തോർ, എന്നും
> വേദനയിലേ വളർന്നീടുവോർ, ഇന്ത്യൻ വംശ്യർ,
> –ഇനിയുമവരുടെയെത്രയോ തലമുറ
> മരണം വരിക്കണം ജീവിതം നേടീടുവാൻ.'

# 9. അമേരിക്കയിലെ ഇന്ത്യക്കാർ

യൂറോപ്യന്മാർ അമേരിക്കയിൽ കുടിയേറിപ്പാർക്കുന്നതിനുമുമ്പു് അമേരിക്കൻ ഭൂഖണ്ഡത്തിലുണ്ടായിരുന്നവരെ 'അമേരിന്ത്യർ' എന്നു വിളിക്കുന്നു. ഈ ആദിവാസികളെപ്പററിയല്ല ഇവിടെ എഴുതുന്നതു്; അടുത്തകാലത്തു് ഇന്ത്യയിൽനിന്നു് അമേരിക്കൻ ഐക്യനാടുകളിൽ കുടിയേറിപ്പാർത്തവരെപ്പററിയാണു്.

അമേരിക്കൻ ഐക്യനാടുകളിൽ ഇപ്പോൾ അഞ്ചു ലക്ഷത്തോളം ഇന്ത്യക്കാർ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അടുത്ത ദശാബ്ദത്തിൽ ഇവരുടെ എണ്ണം ഒമ്പതു ലക്ഷത്തോളം ആകാൻ ഇടയുണ്ടത്രേ. ഇരുപത്തിനാലു കോടിയോളം വരുന്ന അമേരിക്കൻ ഐക്യനാടുകളിലെ ജനസംഖ്യയിൽ, എണ്ണംകൊണ്ടു നോക്കുമ്പോൾ വലിയ പ്രാധാന്യമൊന്നും ഈ ഇന്ത്യൻ ജനവിഭാഗത്തിനില്ല. എന്നാൽ, മററു ചില കാരണങ്ങളാൽ ഈ വിഭാഗം അമേരിക്കക്കാരുടെ ശ്രദ്ധ ആകർഷിച്ചുതുടങ്ങിയിട്ടുണ്ടു്. അമേരിക്കൻ ബിസിനസ് ലോകത്തിൽ വലിയ സ്വാധീന

ശക്തിയുള്ള 'വാറംസ്ട്രീററ് ജേർണൽ' എന്ന പത്രം അമേരിക്കയിലെ ഇന്ത്യക്കാരെപ്പററി വിശദങ്ങളായ ചില പഠനങ്ങളും ഈ വർഷം ആദ്യത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'അമേരിക്കയിൽ കടിയേറിയ എല്ലാ ജനവിഭാഗങ്ങൾക്കും സ്വന്തമായ വിജയകഥകൾ ഉണ്ട്. 'അമേരിക്കൻ സ്വപ്ന'ത്തിൻെറ (ഭൗതികസമൃദ്ധിയുടെ) സാക്ഷാൽകരണത്തിൽ ഇപ്പോൾ പ്രത്യേക താൽപര്യം കാണിക്കുന്നത് (അമേരിക്കയിൽ കടിയേറിയ) ഏഷ്യൻ ജനവിഭാഗങ്ങളാകുന്നു. ഇവരിൽ ഇന്ത്യക്കാർ, അവർക്കെതിരെ വിവേചനം ഉണ്ടായിരുന്നിട്ടും, ഈ ലക്ഷ്യം അനായാസമായി നേടാവുന്നതാണെന്ന് കാണിച്ചുതന്നിട്ടുണ്ട്. അമേരിക്കയിൽ കടിയേറിയ ഇന്ത്യൻ പുരുഷന്മാരിൽ മൂന്നിൽരണ്ടു പേരോളം മാനേജർ—പ്രൊഫെഷണൽ–തലങ്ങളിൽ ജോലിയുള്ളവരാണ്'' എന്ന് ഈ പത്രം എഴുതിയിരിക്കുന്നു.

അമേരിക്കയിലെ ഒരു ശരാശരി കുടുംബത്തിൻെറ വാർഷികവരുമാനം 16,341 ഡോളറാണ്. അമേരിക്കയിൽ കടിയേറിയ ചീനക്കാരുടെ കുടുംബങ്ങളുടെ ശരാശരി വാർഷികവരുമാനം ഇതിൽ അല്പം കൂടുതലാണ്—18,544 ഡോളർ. എന്നാൽ, അമേരിക്കയിലെ ഒരു ഇന്ത്യൻ കുടുംബത്തിൻെറ ശരാശരി വാർഷികവരുമാനം 25,644 ഡോളർ വരുമെന്ന് അമേരിക്കയിൽ അടുത്തു നടന്ന ദശവാർഷിക സെൻസസ് രേഖകളിൽ കാണുന്നു. ഇതിനർത്ഥം അമേരിക്കയിൽ ശരാശരി അമേരിക്കക്കാരുടേതിനേക്കാൾ മെച്ചപ്പെട്ടതാണ ശരാശരി ഇന്ത്യക്കാരുടെ ജീവിതനിലവാരം എന്നാണല്ലോ. ഇതിൽ അത്ഭുതവുമില്ല. അമേരിക്കയിൽ പൊതുവെ കോളേജ് ബിരുദധാരികൾ ഇരുപതു ശതമാനത്തിൽ കുറവായിരിക്കേ, അവിടെ കുടിയേറിയ ഇന്ത്യക്കാരായ പുരുഷന്മാരിൽ എഴുപത്തെട്ടു ശതമാനവും സ്ത്രീകളിൽ അമ്പത്തിരണ്ടു ശതമാനവും കോളേജ് ബിരുദങ്ങൾ നേടിയവരാകുന്നു. ഒരുപക്ഷേ, ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസം ഏററവും കൂടുതൽ പ്രയോജനപ്പെടുന്നത് അമേരിക്കയ്ക്കായിരിക്കും. ഇതു ഒരു തരത്തിൽ 'എതിർദിശയിലേക്കുള്ള മൂലധനപ്രവാഹം'കൂടിയാണ്. അതായതു്, ദരിദ്രരാജ്യമായ ഇന്ത്യ, അമേരിക്കയ്ക്കു കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം കൈവരുന്നതിനുവേണ്ടി, വലിയതോതിൽ മൂലധനം ഇന്ത്യയിൽ വിദ്യാഭ്യാസത്തിൽ നിക്ഷേപിക്കുന്നു. 'തലച്ചോർവാർച്ച' എന്നറിയപ്പെടുന്ന പ്രതിഭാസം ഇതാകുന്നു.

അമേരിക്കയിലെത്തിയ ചീനക്കാർ അവിടത്തെ നഗരപ്രദേശങ്ങളിൽ തങ്ങളുടേതുമാത്രമായ തെരുവുകൾ സ്ഥാപിച്ച്, അവയിൽ കൂട്ടംചേർന്നു പാർക്കുന്നു. ഇത്തരം പ്രദേശങ്ങൾ 'ചീന ടൗൺ' എന്നറിയപ്പെടുന്നു. ന്യൂയോർക്ക്, സാൻഫ്രാൻസിസ്കോ മുതലായ നഗരങ്ങളിലെ ടൂറിസ്റ്റ് ആകർഷണങ്ങളാണ് അവിടെയുള്ള ചീന ടൗണുകൾ. ചീനക്കാരേപ്പോലെ ജപ്പാൻകാർ, ഫിലിപ്പൈൻകാർ, വിയററ്നാംകാർ മുതലായ മററു ഏഷ്യക്കാരും അമേരിക്കൻ നഗരങ്ങളിൽ കൂട്ടംചേർന്നു പാർക്കാനാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ, ഇന്ത്യക്കാർ അമേരിക്കയിൽ 'ഇന്ത്യൻ ടൗണുകൾ' ഉണ്ടാക്കാതെ, സ്ഥലവാസികളുമായി ഇടകലർന്നുജീവിക്കുന്നു. ഇതുനിമിത്തം ഇന്ത്യക്കാരുടെ സാന്നിദ്ധ്യം അമേരിക്കയിൽ മററു ഏഷ്യൻ രാജ്യക്കാരുടേതുപോലെ പ്രകടമല്ല.

എങ്കിലും അമേരിക്കൻ ബിസിനസ്സിൻെറ ചില വിഭാഗങ്ങളിൽ ഇന്ത്യക്കാരുടെ വിജയം ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ആഫ്രിക്കയിലെ ഉഗാണ്ടയിൽനിന്നു ഇഡി അമീൻ എന്ന സൈനികഭരണാധികാരി നിഷ്കാസനംചെയ്ത ഗുജറാത്തികളായ പട്ടേൽമാർ കൂട്ടമായി അമേരിക്കയിൽ കടിയേറിപ്പാർക്കുകയുണ്ടായി. അമേരിക്കയിലെ ചെറിയ

ഹോട്ടലുകൾ, മോട്ടലുകൾ (മോട്ടോർ ഹോട്ടലുകൾ; കാറുകൾ ഉള്ളവർക്ക് മുറികളും മററു പാർപ്പിടസൗകര്യങ്ങളും നൽകുന്ന ചെറുസത്രങ്ങൾ) എന്നിവയിൽ നാലിലൊന്ന് ഇപ്പോൾ ഈ പട്ടേൽമാരുടെ നിയന്ത്രണത്തിലാണത്രേ. ന്യൂയോർക്ക് നഗരത്തിലെ പത്രവില്പനക്കാർ, ഇപ്പോൾ, ഏറിയകൂറും ഇന്ത്യക്കാരാകുന്നു. നഗരങ്ങളിലെ വിഷമയങ്ങളായ മാലിന്യങ്ങൾ നീക്കുന്ന വൃത്തികെട്ട ജോലി ഇപ്പോൾ ഏതാണ്ട് ഇന്ത്യൻ എൻജിനീയറിങ് കമ്പനികളുടെ കുത്തക ആയിരിക്കുന്നു. ന്യൂയോർക്കിലെ വജ്രവ്യാപാരത്തിൽ, ജൂതന്മാർക്കുശേഷം രണ്ടാമത്തെ സ്ഥാനം ഇന്ത്യക്കാർ നേടിയെടുത്തിരിക്കുന്നു. ഇൻഷുറൻസ് മേഖലയിൽ പ്രസിദ്ധി സമ്പാദിച്ച ഒരു ഇന്ത്യക്കാരനാണ് ന്യൂയോർക്കിലെ ജയദേവ്പട്ടേൽ. അമേരിക്കയിൽ, ഒരുപക്ഷേ, ലോകത്തിൽത്തന്നെ, ഏററവുമധികം പീച്ച്പഴം ഉൽപാദിപ്പിക്കുന്ന കർഷകൻ കാലിഫോർണിയയിലെ കൃബസിററിയിൽ പാർക്കുന്ന ദീദാർസിംഹ് ബെയ്ൻസ് എന്ന സിഖുകാരനാണ്. കമ്പ്യൂട്ടർ വ്യവസായത്തിന്റെ ലോകതലസ്ഥാനമായ കാലിഫോർണിയയിലെ സിലിക്കോൺ വാലിയിൽ അതിപ്രസിദ്ധമായ ഒരു പേർ നരീന്ദർസിംഹ് കപനി എന്ന ഇന്ത്യൻ ധനികന്റേതാകുന്നു. 'ന്യൂയോർക്ക് ഫിൽഹാർമോണിക്' എന്ന സുപ്രസിദ്ധ ഗായകസംഘത്തിന്റെ സംഗീതഡയരക്ടർ ആയ സുബിൻ മേഹ്ത്ത, അനന്തശൂന്യബ്രഹ്മാണ്ഡവിസ്തൃതിയിലെ 'ബ്ളാക്ക് ഹോൾ' എന്ന പ്രതിഭാസങ്ങൾ ആദ്യം കണ്ടെത്തിയ നക്ഷത്രഭൗതികശാസ്ത്രജ്ഞനായ എസ്. ചന്ദ്രശേഖർ, ലാബറട്ടറിയിൽ ആദ്യമായി ഒരു ജീൻ (ജന്തു—സസ്യശരീരത്തിലെ സെല്ലിലെ വാസനാവഹ—സൂക്ഷ്മ—ഘടകം) കൃത്രിമമായി നിർമിച്ച ഹർഗോബിന്ദ് ഖൊരാന തുടങ്ങി, അമേരിക്കയിൽ പരക്കെ പ്രസിദ്ധിനേടിയ ഇന്ത്യൻ വംശജർ കുറെ ഏറെയുണ്ട്. അമേരിക്കൻ സർക്കാരിലും ചില ഇന്ത്യക്കാർ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്.

1982—ൽ നടത്തിയ സെൻസസ് സർവേയിൽ, അമേരിക്കൻ ഐക്യനാടുകളിൽ 25,539 ഇന്ത്യൻ ബിസിനസ്സ്ഥാപനങ്ങൾ ഉള്ളതായി കാണുകയുണ്ടായി. ഈ സ്ഥാപനങ്ങളുടെ മൊത്തം വാർഷികവരുമാനം നൂററുപത്തുകോടി ഡോളർ ആയിരുന്നു. അമേരിക്കയിലെ മറുനാട്ടുവ്യവസായികളിൽ, ചൈനക്കാർക്കും ജപ്പാൻകാർക്കും കൊറിയക്കാർക്കും താഴെയേ ഇന്ത്യക്കാർക്കു സ്ഥാനമുള്ളൂ. അമേരിക്കയിലെ ഇന്ത്യൻവ്യവസായങ്ങളിൽ അഞ്ചിലൊന്നോളം, കാലിഫോർണിയസ്റ്റേററിലാകുന്നു. ഇന്ത്യൻ ഉടമയിലുള്ള ആദ്യത്തെ അമേരിക്കൻ ബാങ്ക് എൺപതു ലക്ഷം ഡോളർ മൂലധനത്തോടെ 1986—ാമാണ്ടിൽ സാൻഫ്രാൻസിസ്കോ നഗരത്തിൽ പ്രവർത്തനം ആരംഭിച്ചു. സാൻഫ്രാൻസിസ്കോവിൽ ഇരുപത്തയ്യായിരത്തോളം ഇന്ത്യക്കാർ പാർക്കുന്നുണ്ട്.

പ്രീതംസിംഹ് എന്നു പേരായ മുപ്പത്തിമൂന്നു വയസ്സുള്ള ഒരു സിഖ്കാരൻ ഈയിടെ പത്തുകോടി ഡോളർ വിലവരുന്ന ഭൂസ്വത്ത് (ഇതിൽ മുൻപ്രസിഡണ്ട് ഹാരിട്രൂമാൻ ഫ്ളോറിഡയിൽ ഒഴിവുകാലത്തു പാർത്തിരുന്ന കോമ്പൗണ്ടിൽ ഉള്ള ഒരു വീടും ഉൾപ്പെടും) വാങ്ങി അമേരിക്കയിലാകെ പ്രസിദ്ധി ആർജിക്കുകയുണ്ടായി. ഇയാൾ, പക്ഷേ, ഇന്ത്യക്കാരനല്ല; സിഖ്മതം സ്വീകരിച്ച ഒരു അമേരിക്കക്കാരനാകുന്നു.

മദ്രാസിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കും ബിരുദാനന്തര—മെഡിക്കൽവിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനം സ്വാമി ചിന്മയാനന്ദന്റെ നാമത്തിൽ നിർമിക്കാനായി അമേരിക്കയിലെ ഏതാനും ഇന്ത്യൻ ഡോക്ടർമാർ ചേർന്ന് എൺപതു ലക്ഷം ഡോളർ സംഭരിച്ചിട്ടുണ്ട്. അമേരിക്കയിലെ ഹിന്ദുക്ഷേത്രങ്ങളെപ്പററി ഈ പംക്തിയിൽ മുമ്പ് എഴുതിയിരുന്നു.

'ഗാന്ധി', 'എ പാസ്സേജ് ടു ഇൻഡ്യ', 'ദി ജ്വവൽ ഇൻ ദി ക്രൗൺ' എന്നീ സിനിമപ്പടങ്ങളുടെ പ്രദർശനം അടുത്തകാലത്ത് ഇന്ത്യയെപ്പററി താൽപര്യം അമേരിക്കക്കാരിൽ ഉണർത്തിയിട്ടുണ്ട്. പതിനെട്ടു മാസം നീണ്ടുനിന്ന 'ഇന്ത്യ ഫെസ്റ്റിവലും' ഇന്ത്യാബോധം അമേരിക്കയിൽ ഉളവാക്കുന്നതിൽ കുറെയൊക്കെ വിജയിച്ചിരിക്കുന്നു. മഹാഭാരതത്തെ ആസ്പദമാക്കി നിർമിച്ച, ഒമ്പതു മണിക്കൂർ നീണ്ട, ഒരു ഫിലിം താമസിയാതെ പ്രധാനപ്പെട്ട അമേരിക്കൻ നഗരങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ടത്രേ. ഇന്ത്യൻ സംസ്കാരത്തെപ്പററിയുള്ള ധാരണ അമേരിക്കക്കാരിൽ വളർത്താൻ ഇതും ഉപകരിച്ചേക്കാം.

അമേരിക്കൻ ഐക്യനാടുകളിലെ രാഷ്ട്രീയകാര്യങ്ങളിൽ അവിടത്തെ ഇന്ത്യക്കാർക്കു പറയത്തക്ക സ്വാധീനം ഇനിയും കൈവന്നിട്ടില്ല. എന്നാൽ, റേയ്ഗൻ ഗവണ്മെൻറിൻെറ ഇന്ത്യാവിരുദ്ധനീക്കങ്ങൾ തടയാനുള്ള പരിശ്രമത്തിൽ അമേരിക്കയിലെ ഇന്ത്യക്കാർ കൂടുതൽ മുന്നോട്ടു വരാൻ തുടങ്ങിയിട്ടുണ്ട്. ശക്തിയേറിയ റഡാർ ഘടിപ്പിച്ച 'അവാക്സ്' വിമാനങ്ങൾ പാകിസ്ഥാനു നൽകുന്നതിനെതിരെ പ്രതിഷേധപ്രകടനം നടത്താൻ ന്യൂയോർക്ക്, ചിക്കാഗോ മുതലായ പ്രമുഖ നഗരങ്ങളിൽനിന്നു കുറെയധികം ഇന്ത്യക്കാർ 1987 മാർച്ച് ആദ്യദിവസങ്ങളിൽ പല ബസ്സുകളിലായി വാഷിങ്ടനിൽ വന്നെത്തുകയുണ്ടായി. ക്യാപിററൽ കുന്നിൽ പാർലമെൻറ് ഓഫീസിനുമുമ്പിൽ ഇവർ പ്രകടനം നടത്തുമ്പോൾ രണ്ടു കോൺഗ്രസ് (പാർലമെൻറ്) അംഗങ്ങൾ പുറത്തുവന്ന് ഇവരോടു സംസാരിച്ചു പാകിസ്ഥാന് ആയുധസഹായം നൽകുന്നതിനെപ്പററി ആലോചിക്കുന്ന ഒരു കോൺഗ്രസ് ഉപസമിതിയുടെ ചെയർമാൻ ആയ ന്യൂയോർക്കിലെ പാർലമെൻറംഗം സ്റ്റീഫൻ സോളാർസ് ഈ പ്രകടനം സംഘടിപ്പിച്ചവരെ അഭിനന്ദിക്കുകയുംചെയ്തു.

അണു-ആയുധങ്ങൾ നിർമിക്കുന്ന രാഷ്ട്രങ്ങൾക്ക് അമേരിക്ക ആയുധസഹായം നൽകരുതെന്ന നിയമത്തെ മറികടന്ന്, നാനൂററിരണ്ടുകോടി ഡോളർ വിലവരുന്ന ആയുധ—സാമ്പത്തികസഹായം ഈയാണ്ടിൽ പാകിസ്ഥാനു നൽകണമെന്ന് റേയ്ഗൻ ഗവണ്മെൻറ് അമേരിക്കൻ കോൺഗ്രസ്സിനോടു ശുപാർശചെയ്തിരിക്കുകയാണ്. സെനററിലെ വിദേശബന്ധസമിതി ഈ ശുപാർശ പരിഗണിച്ചുകൊണ്ടിരിക്കെ, 'അമേരിക്കയിലെ ഏഷ്യൻ—ഇന്ത്യൻസംഘടനകളുടെ ദേശീയ ഫെഡറേഷൻ', 'അമേരിക്കയിലെ ഇന്ത്യാക്കാരുടെ അസോസിയേഷൻ', 'രാഷ്ട്രീയ വിദ്യാഭ്യാസത്തിനുള്ള ഇന്ത്യൻ അമേരിക്കൻ ഫോറം' എന്നീ സംഘടനകളെ പ്രതിനിധാനംചെയ്തുകൊണ്ട് ഡോക്ടർ ജഗത് മോട്‌വാനിയുടെ നേതൃത്വത്തിൽ ഒരു നിവേദകസംഘം വിദേശബന്ധസമിതിയുടെ മുമ്പിൽ 1987 മാർച്ച് അവസാനത്തിൽ മൊഴികൊടുക്കുകയുണ്ടായി.

കുടിയേററക്കാർ എന്ന നിലയിൽ തങ്ങളുടെ വ്യക്തിപരങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലായിരുന്നു സ്വാഭാവികമായും അമേക്കയിൽ പാർപ്പുറപ്പിച്ച ഇന്ത്യക്കാർക്കു താല്പര്യം. അവരുടെ എണ്ണം വർദ്ധിക്കുകയും, അവരിൽ പലർക്കും അമേരിക്കൻ ജീവിതത്തിൽ താരതമ്യേന ഉയർന്ന സ്ഥാനം കൈവരികയുംചെയ്തതോടെ, തങ്ങൾ കുടിയേറിപ്പാർത്ത രാഷ്ട്രത്തിൻെറ പൊതുക്കാര്യങ്ങളിൽ അവർ കൂടുതൽ ശ്രദ്ധിച്ചുതുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം അമേരിക്കൻ സർക്കാരിൻെറ നയങ്ങളെ തങ്ങളുടെ മാതൃരാജ്യമായ ഇന്ത്യയുടെ താല്പര്യങ്ങളോടു പൊരുത്തപ്പെടുത്തുന്നതിനായി സ്വന്തം സ്വാധീനശക്തി പ്രയോജനപ്പെടുത്താനും അവർ തുടങ്ങിയിരിക്കുന്നു. ഇതു തീർച്ചയായും ഒരു നല്ല സംഭവവികാസമാകുന്നു.

(26 മാർച്ച്, 1987)